**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1605** **08-02-2023 - ൽ മറുപടിയ്ക്ക്**

**നവീന കൃഷി രീതികൾ വ്യാപിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. എ. രാജ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷികോല്പാദനവും കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കുന്നതിന് ശാസ്ത്രീയവും നവീനവുമായ കൃഷി രീതികൾ വ്യാപിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; | (എ) | ഉണ്ട്. പ്രധാനപ്പെട്ട പദ്ധതികൾ ചുവടെ വിശദീകരിക്കുന്നു.<br><br>എല്ലാ കാർഷിക വിളകളുടേയും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യം നിശ്ചയിക്കുകയും അതനുസരിച്ചുള്ള ശാസ്ത്രീയ തന്ത്രങ്ങൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കർഷകരുടെ വരുമാനം വർധിപ്പിക്കുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നിറവേറ്റാനായി എടുത്ത സമീപനമാണ് 'കൃഷിയിടധിഷ്ഠിത' ആസൂത്രണം. ഒരു കൃഷിയിടത്തിലെ സാധ്യമായ എല്ലാ ഉല്പാദന-മൂല്യവർധന മേഖലകളെയും വിദഗ്ധരെ ഉൾപ്പെടുത്തി കണ്ടുപിടിക്കുകയും ഓരോ കൃഷിയിടത്തിനു ഒരു ശാസ്ത്രീയമായ ആസൂത്രണ രേഖ തയാറാക്കി നൽകുക എന്നതാണ് ഈ സമീപനത്തിന്റെ കാതലായ ആശയം.<br><br>ഈ സമീപനത്തിൽ ഉൾപ്പെടുത്തി 2022-2023 വർഷത്തിൽ 10760 മാതൃക കൃഷിയിടങ്ങൾ സ്ഥാപിക്കുന്ന പദ്ധതി അന്തിമഘട്ടത്തിലാണ് ഇതിനോടകം 10013 (06/02/2023 വരെ) ആസൂത്രണരേഖകൾ തയ്യാറാക്കിക്കഴിഞ്ഞു.<br><br>പരമ്പരാഗത ആസൂത്രണ സമീപനമായിരുന്ന വിള അധിഷ്ഠിത സമീപനത്തിൽ നിന്നും തികച്ചും വിഭിന്നമായി കൃഷിയിടത്തിന്റെ സാധ്യതകൾ കണക്കിലെടുത്ത് ആഭ്യന്തര ഉല്പാദനവും ഉൽപ്പന്ന മൂല്യവും വർധിപ്പിക്കുകയും വിപണന സാധ്യത ഉറപ്പാക്കുകയും ചെയ്യുന്ന കൃഷിയിടാധിഷ്ഠിത ആസൂത്രണ പദ്ധതികൾക്കായി 2022-2023 കാലയളവിൽ 33.50 കോടി രൂപയാണ് സർക്കാർ |

| | | | |
|---|---|---|---|
| | | | വകയിരുത്തിയിരിക്കുന്നത്. ഈ പദ്ധതികൾ ഫീൽഡ് തലത്തിൽ പുരോഗമിച്ചുവരുന്നു.<br><br>ശാസ്ത്രീയവും നവീനവുമായ കൃഷിരീതികൾ സമഗ്രമായി വ്യാപിപ്പിക്കുന്നതിനും എല്ലാ ജന വിഭാഗങ്ങളേയും സുരക്ഷിത ഭക്ഷണം ഉല്പാദിപ്പിക്കുന്ന പ്രവർത്തനങ്ങളിൽ ഭാഗഭാക്കാക്കുന്നതിനുമായി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതിയാണ് 'ഞങ്ങളും കൃഷിയിലേക്ക്'. ഇതിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 25887 കൃഷിക്കൂട്ടങ്ങൾ കൃഷിഭവനുകൾ കേന്ദ്രീകരിച്ച് രൂപീകരിച്ചിട്ടുണ്ട്. അവയുടെ കൃഷിഭവൻതല രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുന്നു. ഉത്പാദനം, സേവനം, സംസ്കരണം, വിപണനം എന്നിങ്ങനെ പ്രത്യേക മേഖലകളിൽ പ്രവർത്തനം കേന്ദ്രീകരിക്കുന്ന സംഘങ്ങളാണ് കൃഷി കൂട്ടങ്ങൾ.<br><br>ഇവ കൂടാതെ നെല്ല്, തെങ്ങ്, പച്ചക്കറികൾ, ഫലങ്ങൾ, ഔഷധസസ്യങ്ങൾ, മുതലായ പദ്ധതികളിൽ നവീന ശാസ്ത്രീയ മാർഗ്ഗങ്ങൾ, പ്രത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളുടെ ഉപയോഗം, മികച്ചപരിപാലന മാർഗ്ഗങ്ങൾ മുതലായവയിൽ പ്രത്യേക പദ്ധതികളും കൃഷിവകുപ്പ് മുഖേന നടപ്പിലാക്കിവരുന്നുണ്ട്. |
| (ബി) | ഉല്പാദന പ്രവർത്തനങ്ങളിലും സംസ്കരണ പ്രക്രിയയിലും സാങ്കേതിക വിദ്യയുടെ പ്രയോഗം വിപുലമാക്കിക്കൊണ്ട് യുവസംരംഭകരെ അധികമായി ആകർഷിക്കാൻ ഉദ്ദേശ്യമുണ്ടോ; | (ബി) | സാങ്കേതിക വിദ്യാധിഷ്ഠിതമായ ഉത്പാദനത്തിനും സംസ്കരണത്തിനും ഈ സർക്കാർ വളരെയഏറെ പ്രാമുഖ്യം നൽകുന്നു. ഇതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും യുവസംരംഭകരെ ആകർഷിക്കുന്നതിനും ലക്ഷ്യമിടുന്നുണ്ട്.<br><br>യുവ സംരംഭകരെ ആകർഷിക്കുന്നതിന് വേണ്ടി എഫ്. പി. ഓ. പദ്ധതിയും എം. എസ്. എം. ഇ. പദ്ധതിയും സംസ്ഥാന കൃഷി വകുപ്പിന് കീഴിലുള്ള എസ്.എഫ്.എ.സി വഴി നടപ്പിലാക്കി വരുന്നു. |
| (സി) | കാർഷിക യന്ത്രങ്ങൾ പ്രചാരത്തിലാക്കുന്നതിനും അവയുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനും പരിശീലനം സിദ്ധിച്ച തൊഴിൽ സേന രൂപീകരിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ? | (സി) | കാർഷിക യന്ത്രങ്ങൾ പ്രചാരത്തിലാക്കുന്നതിനും അവയുടെ ലഭ്യത ഉറപ്പ വരുത്തുന്നതിനും കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനുമായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സബ് മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (Sub Mission on Agricultural Mechanization -SMAM). ഈ പദ്ധതിയിൽ പ്രധാനമായും മൂന്നു തരം ആനുകൂല്യങ്ങളാണ് കർഷകർക്ക് ലഭ്യമാക്കുന്നത്. |

(i) വ്യക്തിഗത ഉപഭോക്താക്കൾക്ക് കാർഷികയന്ത്രങ്ങൾ വാങ്ങുന്നതിനായി 40 മുതൽ 60 ശതമാനം വരെ സബ്സിഡി നൽകുന്നു. ഇതനുസരിച്ച് ചെറുകിട നാമമാത്ര കർഷകർക്കും, പട്ടിക ജാതി പട്ടിക വർഗ്ഗ കർഷകർക്കും, വനിതകൾക്കും കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനു 50 ശതമാനം വരെയും മറ്റു കർഷകർക്ക് 40 ശതമാനം വരെയും, വിള സംസ്കരണവുമായി ബന്ധപ്പെട്ട യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായി ചെറുകിട നാമമാത്ര കർഷകർക്കും, പട്ടിക ജാതി, പട്ടിക വർഗ്ഗ കർഷകർക്കും വനിതകൾക്കും 50 ശതമാനം മുതൽ 60 ശതമാനം വരെയും മറ്റു കർഷകർക്ക് 40 ശതമാനം മുതൽ 50 ശതമാനം വരെയും സബ്സിഡി ലഭ്യമാക്കുന്നു.

(ii) ഗ്രാമീണ സംരംഭകർ, കർഷകരുടെ സഹകരണ സംഘങ്ങൾ, രജിസ്റ്റേർഡ് ഫാർമേഴ്സ് സൊസൈറ്റീസ്, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻസ്, പഞ്ചായത്തുകൾ എന്നിവർക്ക് കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 60 ലക്ഷം വരെയുള്ള പ്രൊജെക്ടുകൾക്ക് 40 ശതമാനം വരെ സബ്സിഡി നൽകുന്നു. കസ്റ്റം ഹയറിങ് സെന്ററുകൾ (കാർഷിക യന്ത്രോപകരണങ്ങളുടെ വാടക കേന്ദ്രങ്ങൾ) വഴി കർഷകർക്ക് മിതമായ നിരക്കിൽ കാർഷിക യന്ത്രോപകരണങ്ങൾ ഉപയോഗിച്ച് വിവിധ കാർഷിക പ്രവർത്തികൾ നടത്തി വരുന്നുണ്ട്.

(iii) തെരഞ്ഞെടുത്ത വില്ലേജുകളിൽ കാർഷിക യന്ത്രോപകരണങ്ങളുടെ ബാങ്കുകൾ സ്ഥാപിക്കുന്നതിന് കർഷകരുടെ സഹകരണ സംഘങ്ങൾ, രജിസ്റ്റേർഡ് ഫാർമേഴ്സ് സൊസൈറ്റീസ്, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻസ്, പഞ്ചായത്തുകൾ എന്നിവർക്ക് 10 ലക്ഷം വരെയുള്ള പ്രൊജെക്ടുകൾക്കു പരമാവധി 80 ശതമാനം വരെ സബ്സിഡി നൽകുന്നു. ചെറുകിട യന്ത്രവൽക്കരണം വില്ലേജ് അടിസ്ഥാനത്തിൽ പ്രോത്സാഹിപ്പിക്കുവാനും അതുവഴി തൊഴിലാളി ക്ഷാമം ഒരു പരിധി വരെ കുറക്കുവാനും ഇത് സഹായിക്കുന്നുണ്ട്. കൂടാതെ കാർഷിക യന്ത്രങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനായി ജില്ലാ തലത്തിൽ കാർഷിക യന്ത്രോപകരണങ്ങളുടെ കസ്റ്റം ഹയറിങ് സെന്ററുകളും കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

(iv) പരിശീലനം സിദ്ധിച്ച തൊഴിലാളികളേയും യന്ത്രങ്ങളെയും യഥാസമയവും ന്യായമായ വേതനത്തിലും ആവശ്യാനുസരണം

| | | | |
|---|---|---|---|
| | | | ലഭിക്കുന്നതിനായി നിലവിൽ 368 കാർഷിക കർമ്മസേനകൾ ഗ്രാമ പഞ്ചായത്ത് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവ ചാരിറ്റബിൾ സൊസൈറ്റിസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടവയും ഇവയിലെ അംഗങ്ങൾക്ക് പരിശീലനം,യന്ത്രസാമഗ്രികൾ മുതലായവ നല്കിയിട്ടുള്ളതുമാണ്. കർമ്മസേനകൾ രൂപീകരിക്കുന്നതിന് ഒരു ലക്ഷം രൂപയും തുടർന്ന് യന്ത്രസാമഗ്രികൾ വാങ്ങുന്നത്തിന് 9 ലക്ഷം രൂപയും കൃഷിവകുപ്പ് നൽകി വരുന്നു.<br><br>ഇത് കൂടാതെ ബ്ലോക്ക് അടിസ്ഥാനത്തിൽ കാർഷിക സേവനകേന്ദ്രങ്ങൾ/ കൃഷി ശ്രീ സെന്ററുകളും സ്ഥാപിച്ചിട്ടുണ്ട്. ഇതുവരെ 127 കാർഷികസേവന കേന്ദ്രങ്ങൾ/ കൃഷി ശ്രീ സെന്ററുകൾ ആണ് സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. ശരാശരി 32 ലക്ഷം രൂപ പരിശീലനത്തിനും യന്ത്ര സാമഗ്രികൾക്കുമായി കൃഷി വകുപ്പ് അനുവദിച്ചു നൽകുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ